കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാട്ടാക്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2018-19**

കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1718/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,തീയതി:17 .10 .2019
ഫോൺ. 0471 2331231
ഇ-മെയിൽ lfadtvm@yahoo.in

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**

**കാട്ടാക്കട ഗ്രാമ പഞ്ചായത്ത്**

സർ,

വിഷയം : കാട്ടാക്കട ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1718/19

തീയതി:17.10 .2019

**തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.11.2018 മുതൽ 20.08.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

***(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം***

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.08.2019 മുതൽ 30.08.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ലതകുമാരി എം., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.ബിന്ദുലത ബി.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. അരുൺ സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനിഷ എസ്.ബി., സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ലിപു എസ് ലോറൻസ്, ഓഡിറ്റർ |

***(ബി) നിർവ്വഹണാധികാരികൾ***

| | | |
|---|---|---|
| പ്രസിഡന്റ് | അജിത. എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. ജീവൻ. എസ് | 01.04.2018 മുതൽ 11.10.2018 Fnവരെ |
| | ശ്രീ. ഗിരീഷ് ലാൽ.എൻ.സി- അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്) | 11.10.2018 AN മുതൽ 21.10.2018 വരെ |
| | ശ്രീ.ഷിബുപ്രണാബ്.ആർ.എസ് | 22.10.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.നിസ്സാം.എ.എച്ച് | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ,കിള്ളി | ശ്രീ.സുജിത്ത്.എ.എസ്സ് | 01.04.18 മുതൽ 31.3.19 വരെ |
| വി.ഇ.ഒ,ആമച്ചൽ | ശ്രീ.സുജിത്ത്.എ.എസ്സ് | 01.04.18 മുതൽ 08.06.18 വരെ |
| | ശ്രീമതി.നീരജ.ആർ.കെ | 09.06.18 മുതൽ 20.10.18 വരെ |
| | ശ്രീമതി.തിങ്കൾജ്യോതി | 21.10.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ കാട്ടാക്കട | ശ്രീ.സുജിത്ത്.എ.എസ്സ് | 01.04.18 മുതൽ 15.09.18 വരെ |
| | ശ്രീമതി.സൗമ്യ | 16.09.18 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ബിബിൻ.എസ് | 01.04.18 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.കൃഷ്ണകുമാർ.ഇ.എസ്സ് | 01.04.18 മുതൽ 4.8.2018 വരെ |
| | ശ്രീ.ഫ്രാങ്ക്ലിൻദാസ് | 05.08.18 മുതൽ 08.10.2018 വരെ |
| | ശ്രീ.ഗിരീഷ് ലാൽ | 09.10.18 മുതൽ 31.03.2019 വരെ |
| എം.ഒ. പി.എച്ച്.സി. | ഡോ.ശാന്തകുമാർ | 01.04.18 മുതൽ 31.03.2019 വരെ |
| എം.ഒ. ആയുർവേദം | ഡോ.എൻ.പി.മാത്യു. | 01.04.18 മുതൽ 09.02.2019 വരെ |
| | ഡോ.ഇന്ദു | 09.02.2019 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ശ്രീ.പ്രസാദ്.കെ.സി | 01.04.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് | ശ്രീ.സുജാത | 01.04.18 മുതൽ 30.09.18 വരെ |
| | ശ്രീമതി.സുധാരാജ് | 01.10.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജീവ്.സി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രത്നാകരൻ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് രൂപീകരണം -നടപടി ക്രമം പാലിച്ചില്ല. | 1-12 |
| 13 | വസ്തുനികുതി അപാകതകൾ | 1-13 |
| 14 | ബിൽഡിംഗ് പെർമിറ്റ് നല്കിയതിലെ അപാകതകൾ | 1-14 |
| 15 | വാടക കുടിശ്ശിക ഒഴിവാക്കി നൽകി | 1-15 |
| 16 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 1-16 |
| 17 | ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 1-17 |
| 18 | കരാർ സ്ഥാപിക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല | 1-18 |
| 19 | വെള്ളക്കരം -ടാപുകളുടെ എണ്ണം തിട്ടപ്പെടുത്താൻ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-19 |
| 20 | പുതിയ വാഹനം വാങ്ങിയത് അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-20 |
| 21 | മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യലുമായി ബന്ധപ്പെട്ട അപാകതകൾ | 1-21 |
| 22 | ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ | 1-22 |
| 23 | കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതികൾ | 1-23 |
| 24 | ലാപ്ടോപ്പ് വിതരണം-പട്ടിക ജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ലാതെ ആനുകൂല്യം നല്കി. | 1-24 |
| 25 | വി.ഇ.ഒ നിർവ്വഹിച്ച പദ്ധതികൾ | 1-25 |
| 26 | ജാഗ്രതാസമിതി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട് | 1-26 |
| 27 | അങ്കണവാടികളിലെ സൗകര്യം ഒരുക്കുന്നതിൽ ഗുരുതര വീഴ്ച | 1-27 |
| 28 | ബയോഗ്യാസ് പ്ലാൻറ് - പദ്ധതിയിൽ രൂപീകരിച്ചതിലും വ്യത്യാസമായി പദ്ധതി നടപ്പിലാക്കി | 1-28 |
| 29 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രീ പ്രൈമറി അധ്യാപകർക്ക് ഓണറേറിയം നൽകി | 1-29 |
| 30 | പാലിയേറ്റീവ് കെയർ പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 1-30 |
| 31 | യുവജന ക്ലബ്, ടീം രൂപീകരണം, കായിക പരിശീലനം പദ്ധതി-അപാകങ്ങൾ | 1-31 |
| 32 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് -മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല | 1-32 |
| 33 | സിവിൽ സർവ്വീസ് പരിശീലനം-മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി | 1-33 |
| 34 | സ്കൂൾ പ്രവേശനോത്സവം- സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി സ്കൂൾകുട്ടികൾക്ക് ആനുകൂല്യം നൽകി | 1-34 |
| | ഭാഗം 2 | |
| 35 | വർക്കേഴ്സ് വെൽഫയർ ഫണ്ടിന് കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 2-1 |

| | | |
|---|---|---|
| 36 | കരാർ ചമയ്ക്കുന്നതിന് ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ല | 2-2 |
| | ഭാഗം 3 | |
| 37 | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 38 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 46 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 16-3-18ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നമ്പർ 1 പ്രകാരം അംഗീകരിച്ചു. 55,96,98,850/- രൂപ വരവും, 55,96,98,850/- രൂപ ചെലവും, 2,87,03,987/- രൂപ നീക്കിയിരിപ്പും, പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് അംഗീകരിച്ചത്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 10.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 6662131 |
| വരവ് | : | 202648074 |
| ആകെ | : | 209310205 |
| ചെലവ് | : | 188434170 |
| നീക്കിയിരിപ്പ് | : | 20876035 |

# 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | | 28012075 | 28012075 | 28012075 | 0 |
| എസ്.സി.പി | | 10415174 | 10415174 | 10415174 | 0 |
| ടി.എസ്.പി | | 325500 | 325500 | 325500 | 0 |
| സി.എഫ്.സി | | 11349506 | 11349506 | 11349506 | 0 |
| ബി ഫണ്ട് | | 1512360 | 1512360 | 1512360 | 0 |
| മെ. റോഡ് | | 19243786 | 19243786 | 19243786 | 0 |
| മെ. റോഡിതരം | | 5964000 | 5964000 | 5964000 | 0 |
| പൊതു അവശ്യ ഗ്രാന്റ് | -890692 | 34594311 | 33703619 | 30994122 | 2709497 |
| എൻ.ആർ.ഇ.ജി.എസ് | 72611 | 853615 | 926226 | 896757 | 29469 |
| Joint Venture | | 6175924 | 6175924 | 5440630 | 735294 |
| SBI Own | 1224522 | 35093293 | 36317815 | 33655832 | 2661983 |
| Sbi Current | 21193 | 29079 | 50272 | 0 | 50272 |
| Bank of Baroda | 5982389 | 41964179 | 47946568 | 33641718 | 14304850 |
| Dist Co-op Bank | 6007 | 243 | 6250 | 0 | 6250 |
| saksharatha | 2287 | 80 | 2367 | 0 | 2367 |
| Relief | 243814 | 130399 | 374213 | 102710 | 271503 |
| Life | | 6898579 | 6898579 | 6880000 | 18579 |
| Cash | 0 | 85971 | 85971 | 0 | 85971 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 232 | 251678659 | 157 | 156384265 | 68 | 12 | 65.16 |

# 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 72611 | 853615 | 926226 | 897757 | 29469* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 90282000 | 90282000 | 90282000 | |

*AFS പ്രകാരം

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 963360 | 539 |
| കർഷക തൊഴിലാളി പെൻഷൻ | 6219800 | 516 |
| വിധവാപെൻഷൻ | 21612300 | 1887 |
| വാർദ്ധക്യകാല പെൻഷൻ | 43402200 | 3478 |
| വികലാംഗ പെൻഷൻ | 6381900 | 521 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 420000 | 14 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 961100 | 80 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.8.2019 വൈകിട്ട് 4.00 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,15,603/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൽ മേഖലാടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. പദ്ധതി രൂപീകരണത്തിനായി മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുന്നത്. പദ്ധതി നിർവ്വഹണം, പദ്ധതി പൂർത്തീകരണം എന്നിവ കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നില്ല. കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പ്രകാരം 2018-19 ലെ പദ്ധതി രൂപീകരണത്തിനായി ശുപാർശകൾ ചെയ്തിട്ടുണ്ടെങ്കിലും ( മിനിട്സിൽ യോഗ തീയതി രേഖപ്പെടുത്തിയിട്ടില്ല)

തുടർന്ന് യോഗം ചേർന്ന് പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടില്ല. കൺവീനറായ കൃഷി ഓഫീസറുടെ അസാന്നിദ്ധ്യത്തിൽ യോഗം ചേർന്നിട്ടുണ്ട്. ഈ നടപടി സർക്കാർ ഉത്തരവിന്റെ ലംഘനമാണ്(സ.ഉ 224/2017/2019 ത.സ്വ.ഭ.വ തീയതി 16.11.2017). മോണിറ്ററിംഗ് ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ കൺവീനർമാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഭരണസമിതി, ആസൂത്രണ സമിതി ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. വിവിധ പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ സ.ഉ.(എം.എസ്)11/2018/ത.സ്വ.ഭ.വ തീയതി.29.1.18 പ്രകാരമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ തൻവർഷം പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.6.2019 | 01.05.19-31.05.19 | 20.7.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.02.2014 | 2008-09 മുതൽ<br>2012-13 വരെ | 05.05.2014 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കകളിലെ അപാകതകൾ സംബന്ധിച്ച റിപ്പോർട്ട് കെ.എസ്.എ.റ്റി.വി.എം.ജി.പി 5/880/2019 തീയതി.3.7.19 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്

# 1-12 ബജറ്റ് രൂപീകരണം -നടപടി ക്രമം പാലിച്ചില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു. ഇതിൻ പ്രകാരം ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | സ്വീകരിച്ച നടപടികളുടെ വിശദാംശം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന്<br>മുൻപ് | 9-2-18 ലെ എ-1070/18 നം കത്ത് |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15-ന്<br>മുൻപ് | ആയുർവേദ മെഡിക്കൽ ഓഫീസർ 17-2-18 ന് സമർപ്പിച്ചു. |
| 3 | ക്രോഡീകരണത്തിനായി വിവിധ<br>സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ജനവരി 25-ന്<br>മുൻപ് | നടന്നിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന്<br>മുൻപ് | 21-2-18 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 28-2-18 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട്<br>ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 9-3-18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 15-3-18 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 16-3-18 |

ഭാവിയിൽ ബജറ്റ് രൂപീകരിക്കുമ്പോൾ സർക്കാർ ഉത്തരവു പ്രകാരമുള്ള നടപടിക്രമങ്ങൾ യഥാവിധി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

# 1-13 വസ്തുനികുതി അപാകതകൾ

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ, ഡി&ഒ രജിസ്റ്റർ, മറ്റ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു

- ഡി&ഒ രജിസ്റ്റർ പ്രകാരം വാണിജ്യ ആവശ്യത്തിനായി ലൈസൻസ് നൽകിയിരിക്കുന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ മറ്റുതരത്തിലുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെ നൽകിയതിനാൽ നികുതി വരുമാനത്തിൽ വ്യത്യാസം വന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ & വിസ്തീർണ്ണം | ഉപയോഗിക്കുന്ന തരം അടിസ്ഥാന നികുതി | സഞ്ചയയിൽ നല്കിയിരിക്കുന്ന തരം അടിസ്ഥാന നികുതി | അടിസ്ഥാന വസ്തുനികുതിയിലെ നഷ്ടം |
|---|---|---|---|---|
| 1 | KP 14/297<br>$250M^2$ | വാണിജ്യ ആവശ്യം<br>250*60=15000 | പാർപ്പിടം<br>250*5=1250 | 13750/- |
| 2 | KP 18/174<br>$102\ M^2$ | വാണിജ്യ ആവശ്യം<br>102*60=6120 | പാർപ്പിടം<br>102*5=510 | 5610 |
| 3 | KP 2/92<br>$60M^2$ | ഇതരവ്യവസായ ആവശ്യം<br>60*50=3000 | കൈത്തറി,കയർപിരി വ്യവസായം<br>60*15=900 | 2100 |

- 2018-19 വർഷത്തിൽ സഞ്ചയ - സാംഖ്യ വസ്തു നികുതി ഡിമാൻഡ് പൊരുത്തപ്പെടുത്തുന്നതിനായി നോൺ റസിഡൻഷ്യൽ കുടിശ്ശിക ഡിമാൻഡിൽ 5,76,772/-രൂപ വെട്ടിക്കുറച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം വെട്ടിക്കുറച്ചതിന് എപ്രകാരം ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. പ്യൂരിഫിക്കേഷൻ നടത്തുന്നതിനായി അടിസ്ഥാനമാക്കിയ ഫോം 6 പരിശോധനക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭിച്ചില്ല. ആയതിനാൽ ഡിമാൻഡ് വെട്ടിക്കുറച്ചതിനു വ്യക്തമായ രേഖകൾ ഉൾപ്പെടുത്തി വിശദീകരണം നൽകേണ്ടതാണ്

# 1-14 ബിൽഡിംഗ് പെർമിറ്റ് നല്കിയതിലെ അപാകതകൾ

ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

<u>(എ) ഭൂവികസന പെർമിറ്റ്</u>

ഫയൽ നമ്പർ :7026/2018, 2963/2018

(i) ചട്ടപ്രകാരം 25m നും 150m നും ഇടയ്ക്കുള്ള cul-de-sacറോഡുകൾക്ക് 5 മീറ്റർ വീതി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത പ്ലോട്ടുകളിലെ തെരുവുകൾക്ക് യഥാക്രമം 3.6 മീറ്റർ, 4 മീറ്റർ വീതിയാണുള്ളത്.

(ii) 10 മീറ്ററിന് താഴെ വീതിയുള്ള റോഡുകൾക്ക് 4 മീറ്റർ വ്യാപ്തിയിൽ ചരിച്ച് (splaying of roads) എടുക്കേണ്ടതാണ്. ഈ നിബന്ധന മേൽപ്പറഞ്ഞ രണ്ട് 2 ഭൂമി വികസനത്തിലും പാലിച്ചിട്ടില്ല

<u>(ബി) കെട്ടിട നിർമാണ പെർമിറ്റ്</u>

**(1) ഫയൽ നമ്പർ : 9265/2018, കൈവശ ഗണം - ജി**

(a)201 ച.മീറ്റർ സ്ക്വയർ ഫ്ലോർ ഏരിയ ഉള്ള കെട്ടിടത്തിന്റെ കാർപെറ്റ് ഏരിയ 180 ച.മീറ്റർ ആണ്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ കാർപെറ്റ് ഏരിയ160 ച.മീറ്റർ ആയി കണക്കാക്കി

(b)സെപ്റ്റിക് ടാങ്കിന 7.49 ചുറ്റളവിൽ കിണറുകൾ ഉണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല

(c) വാട്ടർ ടാങ്ക് കപ്പാസിറ്റി 10050 ആണ് വേണ്ടതെങ്കിലും 4000 ലിറ്റർ മാത്രമാണ് നൽകിയിട്ടുള്ളത്

(d) ബാത്ത്റൂം ഉയരം 2.2M ഉണ്ടാകേണ്ടതാണ് എന്നാൽ 2.1 മീറ്റർ ഉയരം മാത്രമാണ് കാണിച്ചിരിക്കുന്നത്

(e)വേസ്റ്റ് വാട്ടർ ട്രീറ്റ്മെൻറ് സംവിധാനം ഒരുക്കിയിട്ടില്ല

**(2) ഫയൽ നമ്പർ : 9609/2018, കൈവശ ഗണം - എഫ്**

(a)212.46 m2വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന് 3 ടോയ് ലറ്റ് ആവശ്യമാണ് . എന്നാൽ 2 ടോയ്‌ലറ്റുകൾ മാത്രമാണ് നൽകിയിട്ടുള്ളത്

(b)വാട്ടർ ടാങ്ക് കപ്പാസിറ്റി 3317 ആണ് വേണ്ടതെങ്കിലും1300 ലിറ്റർ മാത്രമാണുള്ളത്

(c)അഗ്നിസുരക്ഷാ സംബന്ധിച്ച ഡിക്ലറേഷൻ ഹാജരാക്കിയില്ല

**(3) ഫയൽ നമ്പർ :3634/2018, കൈവശ ഗണം - ജി**

(a) 225.24 മീറ്റർ സ്ക്വയർ കാർപെറ്റ് ഏരിയ ഉള്ള കെട്ടിടത്തിന് രണ്ട് യൂണിറ്റ് പാർക്കിംഗ് ആവശ്യമാണ്. എന്നാൽ ഒരു യൂണിറ്റ് പാർക്കിംഗ് മാത്രമാണ് നൽകിയിട്ടുള്ളത്

(b) ശുചീകരണ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല

**(4) ഫയൽ നമ്പർ 9862/18, കൈവശ ഗണം - ജി**

(a) പ്ലാനിൽ ഫ്ലോർ ഏരിയ, കാർപെറ്റ് ഏരിയ എന്നിവ രേഖപ്പെടുത്തിയിട്ടില്ല

(b)വേസ്റ്റ് വാട്ടർ ട്രീറ്റ്മെൻറ് , വേസ്റ്റ് വാട്ടർ റീസൈക്ലിങ് എന്നിവയ്ക്ക് സൗകര്യം ഒരുക്കിയിട്ടില്ല

**(5) ഫയൽ നമ്പർ 8119/2018, കൈവശ ഗണം - ജി**

(a)പാർക്കിംഗ് സ്പേസ് കാണിച്ചിട്ടില്ല

(b)ശുചീകരണ സംവിധാനങ്ങൾ കാണിച്ചിട്ടില്ല
2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടത്തിൽ പ്രതിപാദിക്കുന്ന പ്രകാരം നടപടി ക്രമങ്ങൾ പാലിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

# 1-15 വാടക കുടിശ്ശിക ഒഴിവാക്കി നൽകി

2011 ലേ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടത്തിൽ പ്രതിപാദിക്കുന്ന ക്രമ പ്രകാരം നടപടി ക്രമങ്ങൾ പാലിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയതു സംബന്ധിച്ച രജിസ്റ്റർ, പഞ്ചായത്തു കമ്മിറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന വസ്തുതകൾ കണ്ടു.

ഷോപ്പിംഗ് കോംപ്ലക്സിൽ വാടകയ്ക്ക് പ്രവർത്തിക്കുന്നതിൽ ഒരു ഓഫീസ് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയാണ്. രജിസ്റ്റർ പ്രകാരം 2014 മുതൽ 2018 വരെ മേൽപ്പറഞ്ഞ സ്ഥാപനം വാടക ഒടുക്കിയിട്ടില്ല. 2014 മുതൽ 2018 വരെ ആകെ 442332രൂപ കുടിശ്ശികയുണ്ട്. എന്നാൽ 11.4.2018 ലെ നമ്പർ:9 തീരുമാന പ്രകാരം കുടിശ്ശിക ഈടാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. 11.3.19 ലെ കമ്മിറ്റി മിനുട്സ് പ്രകാരം 51 % മാത്രമാണ് വസ്തു നികുതി പിരിവ്. തനതു വരുമാനം മൊത്തത്തിൽ വളരെ താഴ്ന്ന രീതിയിൽ ആയിരുന്നിട്ടും ഇത്രയും വലിയ തുക ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല.

ഷോപ്പിംഗ് കോംപ്ലക്സിൽ മുൻപ് വാടകയ്ക്ക് പ്രവർത്തിച്ചിരുന്ന കട്ടക്കോട് സർവീസ് സഹകരണ ബാങ്കിൽ നിന്നും 78,326/-രൂപ വാടകയിനത്തിൽ കുടിശ്ശികയുണ്ട്. ആയതു ഈടാക്കുന്നതിനായി 19.5.2014 ൽ റവന്യൂ റിക്കവറിക്ക് റിക്വസിഷൻ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത തുക ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് തൽസ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം.10/27.8.19) മറുപടി ലഭിച്ചില്ല. തൽസ്ഥിതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല

വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 3043/- രൂപയുടെ നഷ്ടമായിട്ടുണ്ട്. വിശദാംശം ഖണ്ഡിക 2-1 ൽ കാണിച്ചിട്ടുണ്ട്.

# 1-17 ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. പ്രസ്തുത തുക ഇതുവരെയും ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടില്ല. ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിനു 2,94,915/- രൂപ ലഭിക്കുവാനുണ്ട്. (ഓഡിറ്റ് അന്വേഷണം നം. 1/21.08.2019നുള്ള മറുപടി).

ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 കരാർ ചമയ്ക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ല

കരാർ ചമയ്ക്കുന്നതിന് ചട്ടപ്രകാരം നടപടിക്രമം പാലിക്കാത്തതിനാൽ അനുവദനീയമായ പിഴ ഈടാക്കാത്തതിനാൽ 42711/- രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടായി. വിശദാംശം ഖണ്ഡിക 2-2 ൽ ചേർന്നിട്ടുണ്ട്.

# 1-19 വെള്ളക്കരം-ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ സംയുക്ത പരിശോധന നടത്തിയിട്ടില്ല

കാട്ടാക്കട ഗ്രാമ പഞ്ചായത്തിൽ നിലവിൽ 388 ടാപ്പുകൾക്ക് 169750/- രൂപ വെള്ളക്കരം അടച്ചു വരുന്നു. നിലവിൽ ഉള്ളതിൽ 50% ടാപ്പുകൾ ഉപയോഗ ശൂന്യമായതിനാൽ സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിക്ക് കത്തു നല്കാൻ 16-2-18ൽ പഞ്ചായത്തു കമ്മിറ്റി തീരുമാനം (നം.1) എടുത്തുവെങ്കിലും ആയതു നടപ്പിലാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നം 32 ന് മറുപടി നല്കിയിട്ടില്ല. എത്രയും വേഗം സംയുക്ത പരിശോധന നടത്തുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

# 1-20 പുതിയ വാഹനം വാങ്ങിയത് അസറ്റു രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

പ്രോജക്റ്റ് നം.218 പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 720000/- രൂപ ചെലവഴിച്ച് പുതിയ Tata Xenon Yodha Pick up വാഹനം വാങ്ങിയിട്ടുണ്ട്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേക്ക് മാലിന്യം കൊണ്ടു പോകാനാണ് ടി വാഹനം വാങ്ങിയത്. എന്നാൽ ടി വാഹനം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.4 മറുപടി നൽകിയിട്ടില്ല. വാഹനം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി, വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്തതുമായി ബന്ധപ്പെട്ട അപാകതകൾ

പ്രോജക്റ്റ് നം. 224/19, പ്രോജക്റ്റ് നം. 225/19 എന്നിവ പ്രകാരം കുച്ചപ്പുറം സെന്റ് ആന്റണീസ് സ്കൂൾ, ഉങ്ങാംപാറ സെന്റ് ത്രേസ്യാസ് സ്കൂൾ എന്നിവയ്ക്ക് ടോയ് ലറ്റുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. എയ്ഡഡ് വിഭാഗത്തിൽപ്പെടുന്ന പ്രസ്തുത സ്കൂളുകളിൽ പ്രവൃത്തികൾ നിർവഹിക്കുന്നതിനു മുൻപായി എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയതായി ഉറപ്പാക്കേണ്ടതുണ്ട് (സ.ഉ,(കൈ)നം.11/2018/ തസ്വഭവ തീയതി 29.01.2018). എന്നാൽ പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം നൽകിയ തീരുമാനത്തോടൊപ്പം ഇതു സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ, ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള അവസ്ഥാ റിപ്പോർട്ടിൽ കുച്ചപ്പുറം സെന്റ് ആന്റണീസ് എന്ന സ്കൂളിന്റെ പേര് ഉൾപ്പെടുന്നേയില്ല. സ്ഥാപനത്തിന് നിലവിലുള്ള സൗകര്യങ്ങൾ, തുടർന്ന് ആവശ്യമായ സൗകര്യങ്ങൾ എന്നിവയൊന്നും തന്നെ പ്രസ്താവിച്ചിട്ടുമില്ല. സർക്കാർ ഫണ്ട് സർക്കാർ നിർദ്ദേശാനുസരണം മാത്രം വിനിയോഗിക്കാവുന്നതും, പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-22 ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ

ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ സർക്കുലർ നമ്പർ 1/1559/2010/ സി.ഇ./ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ സമിതി അംഗീകരിച്ചിട്ടില്ല. കൺവീനറെയും, ചെയർമാനെയും തെരഞ്ഞെടുത്തതല്ലാതെ പ്രവൃത്തികളുടെ നിർവഹണത്തിലും, വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നതിലും സമിതി ഇടപെട്ടിട്ടില്ല.

<u>എ) വൗച്ചറുകളുടെ അഭാവത്തിലും ബില്ലുകൾ അനുവദിച്ചിരിക്കുന്നു.</u>

ഗുണഭോക്തൃസമിതി മുഖാന്തിരം പ്രവൃത്തികൾ നിർവഹിക്കുമ്പോൾ സമിതിക്കുണ്ടാകുന്ന യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതിക്കുണ്ടായ ചെലവ് രേഖകൾ ഇല്ലാതെ തന്നെ ബിൽ തുക അനുവദിച്ചിരിക്കുന്നു. ഉദാഹരണമായി

| പ്രോ. നം. | പ്രോജക്റ്റിന്റെ പേര് | കൺവീനർ | ചെലവ് തുക | ബിൽ/ചെക്ക് നം., തീയതി | ലഭ്യമായ വൗച്ചറുകളിലെ തുക |
|---|---|---|---|---|---|
| 224/19 | കുച്ചപ്പുറം സെന്റ് ആന്റണി സ്കൂൾ ടോയ് ലറ്റ് നിർമ്മാണം | സുനിത | 232075 | 2351176,31.03.2019 | വൗച്ചറുകൾ ലഭ്യമായില്ല |
| 174/19 | കണ്ടൻകുളങ്ങര ഗവ.എൽ.പി.എസ് പുനരുദ്ധാരണം | എം.രത്നാകരൻ | 211012 | 4, 11.05.2018 | വൗച്ചറുകൾ ലഭ്യമായില്ല |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34) ന്ന മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃസമിതി അംഗീകരിച്ച വരവു ചെലവു കണക്കുകളോ, ബിൽ തുകയോ ഏതാണോ കുറവ് പ്രസ്തുത തുകയാണ് ഗുണഭോക്തൃ

സമിതിക്ക് അനുവദിക്കേണ്ടത്. ഗുണഭോക്തൃസമിതി മുഖാന്തിരം പദ്ധതികൾ നിർവഹിക്കുമ്പോൾ ആവശ്യമായ രേഖകൾ എല്ലാം ലഭ്യമാക്കിയ ശേഷം മാത്രം ബിൽ തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതികൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം10 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ` കൃഷിയും അനുബന്ധമേഖലയും ` വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചത് പ്രകാരം 2018-19 സാമ്പത്തിക വർഷത്തെ പദ്ധതികൾ തയ്യാറാക്കുന്നതിനായി മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് (യോഗ തീയതി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല). മിനിട്സ് പ്രകാരം 2.10.2018 ന് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നെങ്കിലും കൃഷി ഓഫീസറോ (കൺവീനർ), കൃഷി അസിസ്റ്റന്റോ യോഗത്തിൽ പങ്കെടുത്തിട്ടില്ല. സർക്കാർ ഉത്തരവ് 224/2017/2019 ത.സ്വ.ഭ.വ തീയതി 16.11.2017 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാൽ കാർഷിക മേഖലയിലെ പദ്ധതി പുരോഗതി ഉറപ്പുവരുത്തുന്നതിൽ പഞ്ചായത്ത് തലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് പരിപാലിക്കുന്ന വിതരണ രജിസ്റ്ററിൽ, നൽകുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഗുണഭോക്താക്കളുടെ വിവരവും ഒപ്പും മാത്രമാണ് രേഖപ്പെടുത്തുന്നത്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 0.34 ഹെക്ടർ ഭൂമിയാണ് കൃഷിയോഗ്യമായ തരിശ് ഭൂമി. എന്നാൽ 1000 സെന്റ് തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി ജൈവകൃഷി-തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജൈവ പച്ചക്കറി (വനിത) പദ്ധതിക്കായി പിൻവലിച്ച (bill no 10/18-19, 7.9.18 - 20000/-) തുക VFPCK ക്ക് നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നുള്ള ബിൽ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. മറ്റ് പദ്ധതികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു. വർക്കിംഗ് ഗ്രൂപ്പ് മോണിററിംഗ് സമിതിയായി രൂപപ്പെട്ട് പദ്ധതികൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

<u>എ) ഹരിത ഭവനം-( പ്രോജക്റ്റ് 152/18)</u>

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് റിംഗ് കംപോസ്റ്റ് (1250/-) , കോഴിയും കോഴിക്കൂടും (2250/-) , കിണർ റീ ചാർജ്ജിംഗ് (7200/-) എന്നിവയ്ക്കായി ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കൾക്ക് കേരള അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും പച്ചക്കറി തൈകൾ, വിത്തുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്

1.സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും , വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി , മൃഗ സംരക്ഷണം ക്ഷീരവികസനം, ജലവിഭവസംരക്ഷണം, മാലിന്യസംസ്കരണം, ഊർജ്ജസംരക്ഷണം,ഭക്ഷ്യസുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട അടുത്ത നാല് വർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി ബെനിഫിഷ്യറി എൻറോൾമെന്റ് ഫോറം വാങ്ങേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ബെനിഫിഷ്യറി എൻറോൾമെന്റ് ഫോറം വാങ്ങിയിട്ടില്ല.

2. ഏകീകൃത രീതി രൂപീകരിക്കുന്നതിനായി പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് പരിശീലനം , ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടില്ല.

3. അപേക്ഷകളിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആനുകൂല്യം ലഭിച്ച 25 അപേക്ഷകളിൽ 14 അപേക്ഷകളിലും കൃഷി അസിസ്റ്റന്റിന്റെ ശുപാർശ ഇല്ല.

4. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പച്ചക്കറി തൈകൾ, വിത്തുകൾ എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന വിതരണ രജിസ്റ്ററിൽ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

5. പദ്ധതി പൂർത്തീകരണം, പുരോഗതി എന്നിവ വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തുകയോ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

<u>ബി) സമഗ്ര നെൽകൃഷി വികസനം ( proj 85/19)</u>

പദ്ധതി അടങ്കൽ-564150/-

പദ്ധതി ചെലവ് -184206/- ( വി.ഫ151515+ ജില്ലാപഞ്ചായത്ത് വിഹിതം 32691)

bill no

11/2018-19, 19.1.19 – 78039/-

29/18-19, 20.3.19 – 73476/-

cheque no 61145, 27.3.19 – 21352/-

61146, 27.3.19- 11339/-

ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നെൽകൃഷി ചെയ്യുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ കുമ്മായം, ഡോളമൈറ്റ്,രാസവളം എന്നിവ കൃഷിഭവൻ മുഖേന പെർമിറ്റ് അടിസ്ഥാനത്തിൽ സർവ്വീസ് സഹകരണ സമിതി/സ്വാശ്രയ കർഷക സമിതി/ RAIDCO/KAICO/മറ്റുസഹകരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്നതിനാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1. ആനുകൂല്യം പെർമിറ്റ് അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് പകരം ഗുണഭോക്താക്കളുടെ വ്യക്തിഗതഅക്കൗണ്ടിൽ പണമായി നൽകി.

2. ആനുകൂല്യം ലഭിച്ച എല്ലാ ഗുണഭോക്താക്കളെയും ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. ബിൽ നമ്പർ 11/2018-19 തീയതി 19.1.19 (78039/-രൂപ), ചെക്ക് നമ്പർ 61146 തീയതി 27.3.19 ( 11339/- രൂപ)എന്നിവ പ്രകാരം മാറിയ തുകകൾ 15.9.18 ലെ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇവരിൽ 5 പേർ മാത്രമാണ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നത്. മേൽ ബില്ലുകൾ പ്രകാരം ആനുകൂല്യം നൽകിയവരിൽ നാല് പേരെ ഒഴിവാക്കി പുതുതായി 3 പേരെ(ശ്രീ.അനിൽകുമാർ.എ, ശ്രീ.അനിൽകുമാർ.ജെ,ശ്രീ.ശ്രീകണ്ഠൻ നായർ.റ്റി) ഉൾപ്പെടുത്തിയാണ് ബിൽ നമ്പർ 29/18-19 തീയതി 20.3.2019 , ചെക്ക് നമ്പർ 61146തീയതി 27.3.19 പ്രകാരം മാറിയ തുകകൾ നൽകിയത്. പുതുതായി ഉൾപ്പെടുത്തിയവരും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 3 ന് മറുപടി ലഭ്യമാക്കിയില്ല.

<u>സി) ചെറുതേനീച്ച കൃഷി</u>

പ്രോജക്ട് നമ്പർ- 90/18

പദ്ധതി അടങ്കൽ-48000( തനത് ഫണ്ട് 28000/-+ ഗു.വി 20000)

പദ്ധതി ചെലവ്-24000(തനത് ഫണ്ട് 14000/-+ ഗു.വി 10000)

പദ്ധതി പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് 1200/-രൂപയുടെ ആനുകൂല്യം നൽകുന്നു. 500/- രൂപ ഗുണഭോക്തൃവിഹിതമായി പഞ്ചായത്തിൽ അടയ്ക്കുന്നു. തേനീച്ചപ്പെട്ടി സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്.

തനത് ഫണ്ട് തുകയായ 14000/- രൂപയും(ചെക്ക് നമ്പർ 2351109 തീയതി 25.2.19) ഗുണഭോക്തൃവിഹിതമായ 10000/- (20 *500) രൂപയും(ചെക്ക് നമ്പർ 2351107 തീയതി 25.2.19) പിൻവലിച്ച് Farmers Extension Organization Kattakkada എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും , സ്ഥാപനത്തിൽ നിന്നുള്ള ബില്ലുകൾ , വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്താക്കൾക്കായി പരിശീലനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പദ്ധതി ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പരിശീലനം നൽകിയതിന്റെ വിവരങ്ങളോ ആനുകൂല്യം നൽകിയതിന്റെ വിവരങ്ങളോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവ്വഹണം, തേനീച്ചപ്പെട്ടി വിതരണം എന്നിവ മോണിറ്ററിംഗ് ചെയ്യുന്നതിന് പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽകാരണങ്ങളാൽ പദ്ധതി ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

കാർഷിക മേഖലയിൽ പദ്ധതികൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം അനിവാര്യമാണ്. മോണിറ്ററിംഗ് ശക്തമാക്കുന്നതിലൂടെ മാത്രമേ കാർഷിക പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തി

എന്നാറപ്പ വരുത്തുന്നതിനും തുടർ വർഷങ്ങളിൽ പദ്ധതി രൂപീകരണത്തിൽ വേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനും സാധിക്കുകയുള്ളൂ. ഈ വിഷയത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-24 ലാപ്ടോപ്പ് വിതരണം-പട്ടിക ജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ലാതെ ആനുകൂല്യം നല്കി.

പ്രോജക്ട് നം-15/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി .

അടങ്കൽ തുക-513000/-

ചെലവഴിച്ച തുക-513000/-

ബിൽ നം-13/22.9.18 തുക 427500/- ബിൽ നം.26/24.2.18 തുക 85500/-

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി,ആകെ പതിനെട്ട കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണംചെയ്തിട്ടുണ്ട്. എന്നാൽ ആകെ അഞ്ച് പേർ മാത്രമേ "ലാപ്ടോപ്പ് വാങ്ങുന്നതിന് വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല "എന്നുള്ള പട്ടിക ജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളൂ. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10A) കിട്ടിയ മറുപടി തൃപ്തികരമല്ല. അവശേഷിക്കുന്ന കുട്ടികളുടെ സാക്ഷ്യപത്രം കൂടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-25 വി.ഇ.ഒ നിർവ്വഹിച്ച പദ്ധതികൾ

2018-19 സാമ്പത്തിക വർഷം മൂന്ന് സർക്കിളുകളിലായി 12 പദ്ധതികളാണ് വി.ഇ.ഒ നടപ്പിലാക്കിയത്. മൂന്ന് സർക്കിളുകളിലെയും വി.ഇ.ഒ മാർ റ്റി.ആർ 7 എ മാതൃകയിൽ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല. ക്യാഷ് ബുക്കിൽ വരവായി ലഭിച്ച തുകകളുടെ വിശദാംശങ്ങൾ (ഫണ്ട് വിവരം, ചെക്ക് /ബിൽ നം. തീയതി എന്നിവ) രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധ പദ്ധതികളുടെ അപേക്ഷകൾ പൂർണമല്ല. അപേക്ഷകൾ പ്രകാരം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകേണ്ട പദ്ധതികളിൽ എസ്റ്റിമേറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല. വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ വീടിന് 8 വർഷം കാലപഴക്കം ഉണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. വിവിധ പദ്ധതികളിൽ അപേക്ഷകരുമായി കരാറിൽ ഏർപ്പെടുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്. ഭൂരിഭാഗം അപേക്ഷകളിലും ഗുണഭോക്താവിന്റെ സത്യപ്രസ്താവന , നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഇല്ല. ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ക്രമത്തിലല്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

<u>എ)കിണർ റീ ചാർജ്ജിംഗ് (പ്രോജക്ട് നമ്പർ. 161/18) പദ്ധതി- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.</u>

കിണർ റീചാർജ്ജിംഗ് പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ 26 ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചത് പ്രകാരം 24 പേരും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ആനുകൂല്യം നൽകിയ 14 പേരും അമ്പലത്തിൻകാല (വാർഡ് 12) വാർഡിലുള്ളവരാണ്.കൂടാതെ ഭൂരിഭാഗം അപേക്ഷകളിലും ഗുണഭോക്താവിന്റെ സത്യപ്രസ്താവന , നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഇല്ല. പദ്ധതി നിർവ്വഹണം വിലയിരുത്തി വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സർക്കുലർ 34704/ഡി.പി1/03/ത.സ്വ.ഭവ വകുപ്പ് തീയതി 4.8.2003 പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ മാറ്റം വരുത്താൻ പാടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 17ന് മറുപടിയായി വെള്ളനാട്ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ആനുകൂല്യം നൽകുന്നതിനായി തയ്യാറാക്കിയ ലിസ്റ്റിൽ ഉള്ളവർക്കാണ് (അമ്പലത്തിൻകാല വാർഡ്) ആനുകൂല്യം നൽകിയതായി അറിയിച്ചിട്ടുണ്ട്. പദ്ധതിക്കായി വിവിധ വാർഡുകളിൽ നിന്നും ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ ഒരു വാർഡിലെ തന്നെ കൂടുതൽ പേർക്ക് ആനുകൂല്യം ലഭിച്ച നടപടി ന്യായീകരിക്കത്തക്കതല്ല.

**ബി)വീട് വാസയോഗ്യമാക്കൽ -കാലപഴക്കം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.**

2018-19 വർഷം വീട് വാസയോഗ്യമാക്കലിനായി 3 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ പ്രോജക്ട് നമ്പർ 1/18-19( വീട് വാസയോഗ്യമാക്കൽ), 166/18-19(വീട് വാസയോഗ്യമാക്കൽ എസ്.സി.പി.(സ്പിൽഓവർ)) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചത് പ്രകാരം ഭൂരിഭാഗം അപേക്ഷകളിലും എസ്റ്റിമേറ്റ് , വീടിന് 8 വർഷത്തെ കാലപഴക്കം ഉണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് /സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഉദാ. എ)പ്രോജക്ട് നമ്പർ 1/18-19

1.ലീല.കെ, തോട്ടറ ആല്ലവിള വീട്,വാർഡ് 12

2.സുശീല. കുരുതംകോട് വാർഡ് 9

3.രാജമ്മ,നാഞ്ചല്ലൂർ(2013-14 ) /596

4.സുരേഷ് കുമാർ,ആലംകോട്, അമ്പത്തിൻകാല

5.ജയപലൻ , നന്ദാവനത്ത് വീട് , മംഗലയ്ക്കൽ

6.മോഹനൻ, പരുത്തൻപാറ പുത്തൻവീട്, മംഗലയ്ക്കൽ,ആമച്ചൽ

7.ഷീല.എസ്സ്,മണ്ണാംവിള വീട് ,കാട്ടാക്കട

8.സുലോചന ,പള്ളിവിള വീട് ,കൊല്ലോട്

9.സിന്ധു.എസ്സ് , പ്ലാവിള വീട്,കഞ്ചിയൂർകോണം

10.അബ്ദുൽറഷീദ് തടത്തരികത്ത് പുത്തൻ വീട്

ഉദാ- ബി) പ്രോജക്ട് നമ്പർ 166/19 (സ്പിൽ ഓവർ)

1.നിബില.എൻ, ആമച്ചൽ പി.ഒ

2.സുനിത. മിഥുൻ നിവാസ്

3.ചന്ദ്രൻ,മംഗലയ്ക്കൽ

ഇത്തരത്തിൽ കാലപ്പഴക്കം ഉറപ്പുവരുത്താതെ പദ്ധതി ആനുകൂല്യം നൽകിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

വി.ഇ.ഒ നിർവ്വഹിച്ച വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആനുകൂല്യം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ആണെന്ന് ഉറപ്പാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിലേക്കായി ലഭിക്കുന്ന അപേക്ഷകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതും ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

# 1-26 ജാഗ്രതാസമിതി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്

ജാഗ്രതാസമിതി പദ്ധതി പ്രവർത്തനങ്ങൾക്കായി പദ്ധതി നം S0203/19 പ്രകാരം 100000/-രൂപ അടങ്കൽ വച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ മൂന്ന് ഘടകങ്ങളാണ് അടങ്ങിയിരുന്നത്. i)ഓരോ വാർഡിലും പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനായി 21 വാർഡുകളിലേക്കായി 63000/- രൂപ. ii) സ്റ്റേഷനറി 9000/- രൂപ iii) ജാഗ്രതാസമിതി പ്രവർത്തന ചെലവുകൾ 28000/- രൂപ. ഈ പദ്ധതിയിലെ പരാതിപ്പെട്ടി വാങ്ങാനുള്ള ഘടകം നടപ്പാക്കിയില്ല. ജാഗ്രതാസമിതി പ്രവർത്തനങ്ങൾക്കായി 2018 – 19 ൽ 28000/- രൂപ വകയിരുത്തിയിരുന്നെങ്കിലും രണ്ട് ഗ്രാമപ്പഞ്ചായത്തുതല യോഗങ്ങൾ മാത്രമാണ് നടന്നത്. വാർഡുതല ജാഗ്രതാസമിതി യോഗങ്ങൾ നടക്കുന്നില്ല.

2018 – 19 ൽ ജാഗ്രതാസമിതിക്ക് ഒരു പരാതി മാത്രമാണ് ലഭിച്ചത്. പരാതിപ്പെട്ടി സ്ഥാപിക്കാത്തതിനാൽ ജനങ്ങൾക്ക് പരാതിപ്പെടാനുള്ള അവസരം കുറയുകയും ഇത് പരാതികളുടെ എണ്ണം കുറയുന്നതിന് കാരണമാകുകയും ചെയ്തു. കൂടാതെ ഗ്രാമപ്പഞ്ചായത്തുതല, വാർഡുതല ജാഗ്രതാസമിതികൾ കൃത്യമായി നടക്കാത്തതും ജനങ്ങൾക്ക് ജാഗ്രതാസമിതി പ്രവർത്തനത്തിൽ വിശ്വാസമർപ്പിക്കാൻ തടസ്സമാകുന്നു. ജാഗ്രതാസമിതി പ്രവർത്തനങ്ങൾ

മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവ ആവശ്യമായ മേൽനോട്ടം വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-27 അങ്കണവാടികളിലെ സൗകര്യം ഒരുക്കുന്നതിൽ ഗുരുതര വീഴ്ച

കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായ അങ്കണവാടികൾ പഞ്ചായത്തിലുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| അടിസ്ഥാന സൗകര്യം | സൗകര്യം അപര്യാപ്തമായ സ്ഥാപനം |
|---|---|
| കുടിവെള്ളം | പാലയ്ക്കൽ |
| വൈദ്യുതി | നെല്ലിക്കാട്, മാങ്ങോട്ടുകോണം, ചെമ്പനാംകോട് |
| ചുറ്റുമതിൽ | ചെട്ടിക്കോണം, നെല്ലിക്കാട് |

02.06.2017 ലെ സർക്കാർ ഉത്തരവ് നം 1830/2017/തസ്വഭവ ഖണ്ഡിക 3.3.2 പ്രകാരം അങ്കണവാടികളുടെ മേൽനോട്ടം, വിവിധ പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ ശരിയായ പ്രവർത്തനം ഉറപ്പുവരുത്തൽ, ഭാവിയിലെ വികസനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കൽ, അറ്റകുറ്റപ്പണികൾക്കാവശ്യമായ പദ്ധതി തയ്യാറാക്കൽ, ഭൗതികസാഹചര്യങ്ങളിലെ കുറവ് പരിഹരിക്കൽ, ആധുനികരണം, പോഷകാഹാര പദ്ധതി നടപ്പാക്കൽ, പ്രീ സ്കൂൾ വിദ്യാഭ്യാസം, അങ്കണവാടി സ്റ്റാഫിന്റെ കാര്യശേഷിയും ഫലപ്രാപ്തിയും നിരീക്ഷിക്കൽ എന്നിവ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അപര്യാപ്തത പരിഹരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-28 ബയോഗ്യാസ് പ്ലാന്റ് രൂപീകരിച്ചതിലും വ്യത്യാസമായി പദ്ധതി നടപ്പിലാക്കി

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്യുകയും അതിനായി മൂന്ന് ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും മൂന്ന് ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമായും ഉൾപ്പെടുത്തി. സബ്സിഡി മാർഗ്ഗരേഖപ്രകാരം മാലിന്യ സംസ്കരണത്തിനായി ഉപകരണങ്ങൾ റേറ്റ് കോൺട്രാക്ട് രീതിയിൽ വാങ്ങുന്നതിനും ആയതിന് 50 ശതമാനം നിരക്കിൽ സബ്സിഡി നൽകുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ ഇതിനു വിരുദ്ധമായി ഗുണഭോക്താക്കൾ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുകയും ആയത് ഓവർസിയർ വാല്യുവേഷൻ നടത്തി നൽകുകയും ചെയ്തു. ഓരോ ബയോഗ്യാസ് പ്ലാന്റിനും 40,000/- രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി 20,000/- രൂപ വീതം ഓരോ ഗുണഭോക്താക്കൾക്കും നൽകി. 15 ഗുണഭോക്താക്കൾക്കാണ് തുക കൈമാറിയത്. ഇപ്രകാരം ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ച നൽകുന്നതിന് ശുചിത്വമിഷൻ നിർണയിക്കുന്ന യൂണിറ്റ് കോസ്റ്റ് നിരക്കിലാണ് സബ്സിഡി വിതരണം ചെയ്യേണ്ടിയിരുന്നത്. കൂടാതെ ശുചിത്വ മിഷന്റെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരം ബയോ ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കേണ്ടിയിരുന്നത്. ഇവിടെ ശുചിത്വമിഷന്റെ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (11/27.08.2019) വാങ്ങി ഉപയോഗിക്കുന്ന ഡ്രം ടൈപ്പ് ബയോ ഗ്യാസ് പ്ലാന്റുകൾ ക്ഷീര കർഷകർക്ക് ഉദ്ദേശിക്കുന്ന തരത്തിലുള്ള ഫലം ലഭിക്കില്ല എന്ന മറുപടിയാണ് ലഭിച്ചത് . ഇത്തരം വസ്തുതകൾ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് പ്രോജക്ട് അപ്രകാരം തയ്യാറാക്കേണ്ടിയിരുന്നു. അത് ചെയ്യാതെയും പഞ്ചായത്തു കമ്മിറ്റിയും അംഗീകരിച്ച പദ്ധതിയിൽ വ്യതിചലിച്ചതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്

# 1-29 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം നൽകി

പ്രോജക്ട് നമ്പർ -206/2018-19

പ്രീ പ്രൈമറി പോഷകാഹാരം

പദ്ധതി അടങ്കൽ 4,00,700/- (തനത് ഫണ്ട്)

ചെലവ് 3,43,439/-

ചെക്ക് നമ്പർ -2364552 13.8.18 തുക 78338/-

2351804/ 10.10.18 - 79637/-

2351857 /17.12.18 – 101360/-

2357127 /14.3.19 – 84104/-

പദ്ധതി പ്രകാരം പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകിയതിനോടൊപ്പം മേൽ ചെക്കുകൾ പ്രകാരം മാറിയ തുകകളിൽ നിന്നും 1,28,000/- രൂപ പഞ്ചായത്തിലെ എൽ.പി.സ്കൂളുകളിലെ 4 പ്രീ പ്രൈമറി അദ്ധ്യാപകർക്ക് 4,000/-രൂപ നിരക്കിൽ ജൂൺ മാസം മുതൽ ജനവരി മാസം വരെ നൽകിയിട്ടുണ്ട്. (അദ്ധ്യാപകരുടെ വൗച്ചറിന്റെ അടിസ്ഥാനത്തിൽ ). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നൽകിയ തുക | | | |
|---|---|---|---|---|
| ചെക്ക് നമ്പർ തുക | ശ്രീമതി.ഗീത.എസ്സ്, ഗവ.പി.എസ്.എം. എൽ.പി.എസ്സ് കാട്ടാക്കട | ശ്രീമതി.പത്മപ്രിയ.ആർ.എസ്സ്, ഗവ.എൽ.പി.എസ്സ് കുരുതംകോട് | ശ്രീമതി.സ്മിതാമോൾ.എം, ഗവ.എൽ.പി.എസ്സ്, ചെമ്പനാകോട് | ശ്രീമതി.വിനീത.വി.എസ്സ്, ഗവ.എൽ.പി.എസ്സ്, കണ്ടൻകുളങ്ങര |
| 2364552 13.8.18 തുക 78338/- | 8000 | 8000 | 8000 | 8000 |
| 2351804 10.10.18 തുക79637/- | 8000 | 8000 | 8000 | 8000 |
| 2351857 17.12.18 101360/- | 8000 | 8000 | 8000 | 8000 |
| 2357127 14.3.19 84104/- | 8000 | 8000 | 8000 | 8000 |
| **ആകെ** | 32000 | 32000 | 32000 | 32000 |

സർക്കാർ നിർദ്ദേശ പ്രകാരം പ്രീ പ്രൈമറി അദ്ധ്യാപകർക്കുള്ള ഓണറേറിയം പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവിക്കുവാൻ പാടില്ല. സ.ഉ.(എം.എസ്) 22/2018 ത.സ്വ.ഭ.വ തീയതി 14.2.2018 ഖ 8.10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം നൽകുവാൻ പാടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 7 നുള്ള മറുപടിയായി കുട്ടികളുടെ എണ്ണക്കൂടുതൽ കാരണം പി.റ്റി.എ നിയമിച്ച അദ്ധ്യാപകർക്കാണ് സബ്സിഡി നൽകിയിരിക്കുന്നത് എന്നറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവ് ചെയ്യുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. പദ്ധതികൾ സർക്കാർ നിർദ്ദേശത്തിനനുസൃതമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെയും വിദ്യാഭ്യാസം-ആരോഗ്യം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

# 1-30 പാലിയേറ്റീവ് കെയർ പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

1. 29.10.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം 3217/2015 തസ്വഭവയുടെഖണ്ഡിക 2.2.2 പ്രകാരം സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനായി അലോപ്പതി, ആയുർവേദ, ഹോമിയോ ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ,ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാൻ സന്നദ്ധതയുള്ള സംഘടനകളുടെ പ്രതിനിധികൾ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള വ്യക്തികൾ, കുടുംബശ്രീ സി ഡി എസ് ഭാരവാഹികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, എൻ സി സി യൂണിറ്റുകളുടെ ചുമതലയുള്ള അദ്ധ്യാപകർ എന്നിവരുടെ യോഗം വിളിച്ചു ചേർക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത യോഗം വിളിച്ചു ചേർക്കാത്തതുകാരണം 2018 – 19 ലെ പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യാൻ കഴിഞ്ഞില്ല.

2. ഖണ്ഡിക 2.3.2. പ്രകാരം 2018 -19 സാമ്പത്തിക വർഷത്തിനു മുമ്പ് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വൈസ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, രണ്ട് ജനപ്രതിനിധികൾ (ഒരു വനിത), കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി ചെയർപേഴ്സൺ, കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി മെമ്പർ സെക്രട്ടറി, ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ബ്ളോക്ക്/ ജില്ലാ പഞ്ചായത്ത് മെമ്പർമാർ, ഹോംകെയർ ടീമിലെ രണ്ട് സന്നദ്ധ പ്രവർത്തകർ, മെഡിക്കൽ ഓഫീസർ (ഹോമിയോ ആശുപത്രി), മെഡിക്കൽ ഓഫീസർ ( ആയുർവേദ ആശുപത്രി), പാലിയേറ്റീവ് കെയർ നഴ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രാഥമികാരോഗ്യ പ്രവർത്തനങ്ങളുടെ ചാർജ്ജുള്ള ഫീൽഡ് ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും മേൽ പ്രതിപാദിച്ചതിൽ എല്ലാവരും ഇതിൽ ഉൾപ്പെട്ടിട്ടില്ല.

3. ഖണ്ഡിക 2.3.2 പ്രകാരം രൂപീകരിച്ച പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

4. പാലിയേറ്റീവ് കെയർ ആവശ്യമുള്ള വ്യക്തികളുടെ പേരുകളടങ്ങിയ നോമിനൽ രജിസ്റ്റർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. (ഖ.2.5.6)

5. ആയുർവേദ, ഹോമിയോ ചികത്സാരീതികൾ പിന്തുടരുന്ന രോഗികൾക്ക് പ്രസ്തുത ചികിത്സാരീതികളുമായി ബന്ധപ്പെട്ട ചികിത്സ ലഭ്യമാക്കുന്നില്ല. ഖണ്ഡിക (2.6.2 (4),(5),(6))

6. ഗൃഹസന്ദർശന ഷെഡ്യൂളിന്റെ പകർപ്പ് ഗ്രാമ / വാർഡ് കേന്ദ്രങ്ങളെ അറിയിക്കുകയും അവിടത്തെ നോട്ടീസ് ബോർഡുകളിൽ പതിക്കുകയും ചെയ്യുന്നില്ല. (ഖണ്ഡിക 2.6.3 (2))

7. രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ പൊതുസമൂഹത്തിന്റെ സഹായത്താൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. (ഖണ്ഡിക 2.6.8)

8. തൊഴിൽപരമായ പുനരധിവാസത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല. (ഖണ്ഡിക 2.6.12)

9. ബോധവത്ക്കരണത്തിനായി വാർഷിക സംഗമം നടത്തിയില്ല. (ഖണ്ഡിക 2.6.13 )

10. പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. (ഖണ്ഡിക 2.7.2)

11. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവ പാലിയേറ്റീവ് കെയർ പദ്ധതി മോണിറ്ററിംഗ് മെച്ചപ്പെടുത്തേണ്ടതാണ്. (ഖണ്ഡിക 2.1.3, 2.11.4, 2.11.5 )
12. സംഘടനകളുടെയും സന്നദ്ധപ്രവർത്തകരുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക 5.1 )

13. ഖണ്ഡിക 2.6.5 (v) പ്രകാരം 30.06.2007 ലെ സക്കാർ ഉത്തരവ് (എം എസ്) നം 170/07/തസ്വഭവ അനുസരിച്ചാണ് വാഹനം പരിപാലിക്കേണ്ടത്. മേൽ ഉത്തരവ് കൃത്യമായി പാലിക്കുന്നില്ല.

ഇവ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 31/30.08.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തനങ്ങളിലെ അപാകങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ട് ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കേണ്ടതാണ്.

# 1-31 യുവജന ക്ളബ് ,ടീം രൂപീകരണം,കായിക പരിശീലനം പദ്ധതി-അപാകങ്ങൾ

പ്രോജക്ട് നം-122/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി .

അടങ്കൽ തുക-1,20,000/-
ചെലവഴിച്ച തുക-1,20,000/-
മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1)ഫയൽ അപൂർണ്ണമാണ്. ഏതൊക്കെ ഇനങ്ങളുടെ ടീം രൂപീകരിച്ചു,ടീം അംഗങ്ങളുടെ പേരു വിവരം എന്നിവ ലഭ്യമല്ല.

2)യുവജന ക്ലബ് രൂപീകരിച്ചതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല.

3) 200 പേർക്കു ഭക്ഷണം നല്കാനും,യൂണിഫോം , സ്പോർട്സ് ഉപകരണങ്ങൾ എന്നിവ വാങ്ങാനുമാണ് പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം,യൂണിഫോം,സ്പോർട്സ് ഉപകരണങ്ങൾ എന്നിവയുടെ വിതരണ രേഖകൾ ഇവ ലഭ്യമല്ല.

ഇതുസംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകൾ ഉൾപ്പെടുത്തി ഫയൽ പൂർണ്ണമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-32 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല.

വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2018-19 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൻമേൽ (സ.ഉ(എം.എസ്.11/2018/ത.സ്വ.ഭ.വ,തീ.29.01.2018) ഗ്രാമപഞ്ചായത്ത് കൃത്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം.

അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നല്കിയ ശേഷം മാത്രമേ പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ. സമാനസ്വഭാവമുള്ള പ്രോജക്ട് തുടർവർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിനു വേണ്ട ഗുണഭോക്താക്കളേയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ എടുക്കേണ്ടതാണ്. എന്നീ നിർദ്ദേശങ്ങൾ ഗ്രാമപ്പഞ്ചായത്ത് പാലിച്ചിട്ടില്ല.

മേൽ ഉത്തരവ് പ്രകാരം അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം. അർഹരായവരിൽ നിന്നും മുൻഗണനാ

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയുംഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം. ഭരണസമിതി അംഗീകരിച്ച തദ്ദേശഭരണസ്ഥാപന മുൻഗണനാ ലിസ്ററ് ഗ്രാമ/ വാർഡ് കേന്ദ്രങ്ങളിൽ ജനകീയ പരിശോധനയ്ക്കായി ലഭ്യമാക്കണം. ഇവ നിർവ്വഹിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം 27/30.08.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറ്റമറ്റ വിധത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ പഞ്ചായത്ത് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-33 സിവിൽ സർവ്വീസ് പരിശീലനം-മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി

പ്രോജക്ട് നമ്പർ 207/2018(എസ്.സി വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരിശീലനം )

പദ്ധതി അടങ്കൽ 400000/-(തനത് ഫണ്ട്)

പദ്ധതി ചെലവ്-300256/-

പദ്ധതി പ്രകാരം 94 ഗുണഭോക്താക്കൾക്ക് (എട്ടു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ കുട്ടികൾ) ഒരു വർഷത്തിൽ 50 ദിവസം (എല്ലാ ഞായറാഴ്ചയും പൊതു ഒഴിവ് ദിവസങ്ങളിലും) ക്ലാസ്സുകൾ നൽകുന്നു. തിരുവനന്തപുരം ഐസക് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം മുഖാന്തിരമാണ് ക്ലാസ്സുകൾ നൽകുന്നത്. പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും ചുവടെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്

| ക്രമ നമ്പർ | ചെക്ക് നമ്പർ | ചെലവ് |
|---|---|---|
| 1 | 2364553 /13.8.18 54810/- | Faculty Fees- 34000<br>Co ordinator -3000<br>Class room preparation-3000<br>stationary items -1000<br>refreshment -13810 |
| 2 | 2351808 20.10.18 53622/- | Faculty Fees- 34000<br>Co ordinator -3000<br>Class room preparation-3000<br>stationary items -1000<br>refreshment -12622 |
| 3 | 2351834 19.11.18 15000/- | Vehicle 15000/-<br>Banner 595<br>Ticket 670<br>Refreshment 735 |
| 4 | 2351858 17.12.18 55202/- | Faculty Fees- 34000<br>Co ordinator -3000<br>Class room preparation-3000<br>stationary items -1500<br>refreshment -13702 |
| 5 | 2351103 22.2.19 55101 /- | Faculty Fees- 34000<br>Co ordinator -3000<br>Class room preparation-3000<br>stationary items -1000<br>[illegible] |

| | | |
|---|---|---|
| | | refreshment -14101 |
| 6 | 2351164 27.3.19 66521/- | Faculty Fees- 34000<br>Co ordinator -3000<br>Class room preparation-3000<br>stationary items -1000<br>refreshment -25021 |

എന്നാൽ സബ്സിഡി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് 22/2018/ ത.സ്വ.ഭ.വ തീയതി 14.2.2019) പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഇത്തരത്തിൽ പദ്ധതി നടപ്പാക്കുന്നതിന് നിർദ്ദേശമില്ല. കൂടാതെ പട്ടിക ജാതി വിദ്യാർത്ഥികൾക്കുള്ള മോട്ടിവേഷൻ ക്ലാസ്സുകൾ നൽകാമെങ്കിലും ആയത് ജില്ലാ പഞ്ചായത്ത് മുഖാന്തിമാണ് നടപ്പാക്കേണ്ടത്. ജില്ലാ പഞ്ചായത്താണ് യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിശീലകനെ നിയമിക്കേണ്ടത്. കൂടാതെ മാർഗ്ഗ രേഖക്ക് വിരുദ്ധമായി ക്രമ നമ്പർ 3 പ്രകാരമുള്ള ബിൽ തുക കുട്ടികൾക്ക് പഠനയാത്ര നടത്തുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 7 നുള്ള മറുപടിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പദ്ധതി മാർഗ്ഗരേഖക്കനുസൃതമാണോ എന്ന് വിലയിരുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് കൺവീനർ കൂടിയായ നിർവ്വഹണ ഉദ്യോഗസ്ഥ ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല.

പദ്ധതി രൂപീകരണം മാർഗ്ഗരേഖക്ക് അനുസൃതമാകുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതികൾ രൂപികരിച്ച് ചെലവ് നടത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും വിദ്യാഭ്യാസം, ആരോഗ്യം ക്ഷേമം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-34 സ്കൂൾ പ്രവേശനോത്സവം- സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി സ്കൂൾകുട്ടികൾക്ക് ആനുകൂല്യം നൽകി

ഈ പദ്ധതിയിൽ ചെക്ക് നമ്പർ 1736785 തീയതി 26.5.18 പ്രകാരം 1,79,788/- രൂപ പിൻവലിച്ചതിൽ 1,78,288/- രൂപ Kerala State Co.op Consumer`s federation Ltd , Triveni Depatment Store നൽകി, താഴെ പറയുന്ന സാധനങ്ങൾ വാങ്ങി പഞ്ചായത്തിലെ 6 സ്കൂളുകളിലായി വിതരണം ചെയ്തിട്ടുണ്ട്.

| ഇനം | വാങ്ങിയ എണ്ണം | വിതരണം ചെയ്തത് | അധികമായി വിതരണം ചെയ്തത് |
|---|---|---|---|
| സ്കൂൾബാഗ് | 152 | 186 | 34 |
| വാട്ടർബോട്ടിൽ | 155 | 161 | 6 |
| സ്കെച്ച് പേന | 150 | 172 | 22 |
| ഇറേസർ | 150 | 172 | 22 |
| ഷാർപ്പനർ | 150 | 172 | 22 |
| സ്കെയിൽ | 150 | 172 | 22 |
| പെൻസിൽ | 180 | 202 | 22 |
| പേന | 190 | 212 | 22 |
| പാത്രം | 150 | 172 | 22 |
| പെൻസിൽ പൗച്ച് | 150 | 172 | 22 |
| ഖാദി ബാഗ് | 150 | 172 | 22 |
| നോട്ട്ബുക്ക് | 315 | 337 | 22 |
| പേപ്പർ | 10 | 10 | - |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)22/2018 ത.സ്വ.ഭ.വ തീയതി 14.2.2018 ഖണ്ഡിക 5-5 പ്രകാരം പട്ടിക വർഗ്ഗത്തിൽ ഉൾപ്പെട്ടവർക്ക് മാത്രമാണ് ഈ ആനുകൂല്യത്തിന് അർഹത. ആനുകൂല്യം ലഭിച്ചതിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് ലഭിച്ചതിന്റെ വിവരങ്ങൾ മുൻവർഷത്തെ നീക്കിയിരിപ്പ് വിവരങ്ങൾ ഇല്ല. വിതരണം ചെയ്തതിന്റെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത രജിസ്റ്റർ പ്രകാരം, വാങ്ങിയതിനെക്കാൾ കൂടുതൽ സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ മുൻ വർഷത്തിൽ ഈ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി (7) മുൻ വർഷങ്ങളിൽ വാങ്ങിയ സാധനങ്ങൾ ബാക്കി ഉണ്ടായിരുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങൾ, 2018-19 വർഷം പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ആധികാരിക രേഖ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

2018-19 വർഷം പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ആധികാരിക രേഖ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 7ന് സ്കൂൾ അധികൃതരിൽ നിന്നും ആയത് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം പദ്ധതി നടപ്പിലാക്കുവൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതി, ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി വിദ്യാഭ്യസ സ്റ്റാന്റിംഗ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ഇടപെടൽ അനിവാര്യമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കി തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. എന്നാൽ പ്രവൃത്തി ബില്ലുകളിൽ നിന്നും ഗ്രാമപഞ്ചായത്ത് മേൽ പ്രകാരമുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. 2018-19 സാമ്പത്തിക വർഷം 3,04,28,019/- രൂപയുടെ മരാമത്ത് പ്രവൃത്തികളാണ് ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചിട്ടുള്ളത്. അതായത്, കളക്ഷൻ ചാർജ്ജിനത്തിൽ 3043/- രൂപ തൻവർഷം ലഭിക്കേണ്ടിയിരുന്നു. പ്രവൃത്തി ബില്ലുകളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്ന തുകയ്ക്ക് കൃത്യമായി കളക്ഷൻ ചാർജ്ജ് ഈടാക്കി തനത് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-2 കരാർ ചമയ്ക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ല

സ.ഉ.(പി) 13/2012/പി.ഡബ്ല്യു.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ അംഗീകരിക്കുന്ന തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതാണ്. തുടർന്ന് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഒടുക്കി കരാർ വയ്ക്കാൻ അനുവദിക്കാവുന്നതാണ്. വിവിധ മരാമത്ത് പ്രവൃത്തികൾക്ക് കാലതാമസത്തിനുള്ള പിഴ ഈടാക്കാതെ കരാർ വച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| പ്രോ. നം | പ്രോജക്ടിന്റെ പേര് | പി.എ.സി. | കരാറുകാരൻ | ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ | കരാർ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | നോട്ടീസ് തീയതി | | |
| 77/19 | കടുവക്കോണം എസ്.സി. കോളനി റോഡ് പാർശ്വഭിത്തി നിർമ്മാണം | 1199767 | സുരേഷ് ബാബു സി | 22.06.2018 | 17.07.2018 | 11998 |
| 234/19 | ആലംകോട് കാഞ്ഞിരംവിള റോഡ് സൈഡ് വാൾ നിർമ്മാണം | 474898 | ശാമുവേൽ ജി.എൻ. | 07.12.2018 | 04.01.2019 | 4749 |
| 100/19 | മുണ്ടപ്പള്ളി മുള്ളിലവിൻമൂട് റോഡ് പാർശ്വഭിത്തി നിർമ്മാണം | 198514 | സോമൻ എൽ | 22.06.2018 | 10.07.2018 | 1985 |
| 66/19 | പുത്തറത്തല ഓട നിർമ്മാണം | 499423 | ലാൽ ഡി | 07.09.2018 | 28.09.2018 | 4994 |
| 196/19 | ആമച്ചൽ കുഞ്ചുവീട്ടുനട കളിയാകോട് റോഡ് റീടാറിംഗ് | 799995 | സജി സി | 16.02.2018 | 08.03.2018 | 8000 |
| 149/19 | തമ്പുരാൻ റോഡ് ഓട നിർമ്മാണം | 499761 | ലാൽ ഡി | 07.09.2018 | 28.09.2018 | 4998 |
| 109/18 | കഞ്ചിയൂർക്കോണം റോഡിൽ ഐറിഷ് ഓട നിർമ്മാണം | 299313 | പി അനിൽ കുമാർ | 22.06.2018 | 11.07.2018 | 2993 |
| 65/19 | പായ്ക്കലകുളം റോഡ് ഓട സ്ലാബിടൽ | 299377 | സജു എം | 20.08.2018 | 11.09.2018 | 2994 |
| ആകെ | | | | | | 42711 |

പിഴ ഈടാക്കാതെ കരാർ സ്ഥാപിക്കുന്നതിനു അനുമതി നൽകാനുണ്ടായ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/ 27.8.19) പിഴ തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

കരാറുകൾ ചമക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദിഷ്ട സമയപരിധി പാലിക്കേണ്ടതും, വീഴ്ച വരുത്തുന്നപക്ഷം പിഴ ഈടാക്കുവാനും, സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 --

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.05.2019, 16.05.2019 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.5 /880/2019 തീയതി |

| | | 03.07.2019 |
|---|---|---|

## 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് 2018-19 | | 175000 | ഹരിത ഭവനം | | 175000 |
| | | 30000 | ജൈവ സമൃദ്ധി | 17000 | 13000 |
| | | 33065 | കേദാരം | 32691 | 374 |
| | | 235125 | സ്നേഹ സ്പർശം | 235125 | |
| | | 240000 | ക്ഷീര സമൃദ്ധി | 240000 | |
| | | 425000 | ക്ഷീര സമൃദ്ധി വനിത | 425000 | |
| | | 2751723 | ലൈഫ് | 2696358 | 55365 |
| | | 782322 | ലൈഫ് എസ് സി | 782322 | |
| | | 218625 | സ്കോളർഷിപ്പ് | | 218625 |
| ബ്ലോക്ക് പഞ്ചായത്ത് 2018-19 | | 235125 | സ്നേഹ സ്പർശം | 235125 | |
| | | 500000 | ക്ഷീര സമൃദ്ധി | 500000 | |
| | | 650000 | ക്ഷീര സമൃദ്ധി വനിത | 650000 | |
| | | 1476822 | ലൈഫ് | 1476822 | |
| | | 564858 | ലൈഫ് എസ് സി | 564858 | |
| | 900000 | 400000 | അംഗനവാടി മെയിന്റനൻസ് | 249965 | 1050035 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 7/19 | 250000 | | | 250000 |
| " | 209/18 | 1996017 | | | 1996017 |
| " | 86/18 | 9450 | | | 9450 |
| | 77/17 | 483467 | | | 483467 |
| | 266/17 | 457125 | | | 457125 |
| KWA | 8/2019 | 3680000 | 299466 | 109534 | 3271000 |
| | 217/18 | 2712442 | 79000 | | 2633442 |
| | 178/2018 | 626000 | | | 626000 |
| | 250/18 | 60000 | | | 60000 |
| | 94/17 & 306/17 | 543500 | 404327 | 115763 | 23500 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വര്ഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS | GO(Rt) 275/2010/lsgd/27.10.2010 | 10047750 | 1693285 | 821904 | 871381 |
| EMS | " | 10047750 | 1594333 | 821904 | 772429 |
| KURDFC | GO(ms) 68/2018/lsgd-18.5.2018 | 63898579 | | | 63898579 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് 20,93,10,205/-

ഓഡിറ്റ് വർഷത്തെ ആകെ ചെലവ് 18,84,34,170/-

വരവിനങ്ങളിലെ നഷ്ടം ഇല്ല

ചെലവിനങ്ങളിലെ നഷ്ടം ഇല്ല

ഓഡിറ്റിൽ അംഗീകരിക്കാത്തതുക ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ഇല്ല

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| ഖണ്ഡിക 2-1 | 3043 | അസിസ്റ്റന്റ് എഞ്ചിനിയർ |
| ഖണ്ഡിക 2-2 | 42711 | അസിസ്റ്റന്റ് എഞ്ചിനിയർ |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 1 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 1 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 2 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 2 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 3 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 8 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/1373/18<br>തീയതി 20.06.2018 | 15 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.5/2126/13 തീയതി 15.11.13 | 18 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/<br>തീയതി.04.04.2014 | 14 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/36/16<br>തീയതി 8.2.2016 | 6 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം. ജി.പി.5/857/15<br>തീയതി 26.04.2016 | 5 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1772/2016<br>തീയതി.05.4.17 | 10 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/975/17 തീയതി.23.6.2017 | 4 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1666/2017 തീയതി.6.2.18 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1046/2019 തീയതി.05.08.19 | 17 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി